**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3380** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണം പരിഷ്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ, സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം ഏറെ കാര്യക്ഷമമായാണ് നടന്നുവരുന്നത്. രക്ഷാകർതൃ, അദ്ധ്യാപക സമൂഹത്തിന്റെ സഹകരണത്തോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടും കൂടി വളരെ മികവാർന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.<br><br>സ്കൂളുകൾക്ക് പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശുചിത്വവും വൃത്തിയുമുള്ള സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതും അത് കുട്ടികൾക്ക് വിതരണം ചെയ്യുന്നതും. കുട്ടികൾക്ക് നൽകുന്നതിന് മുൻപായി അദ്ധ്യാപകരും എസ്.എം.സി അംഗങ്ങളും ഉച്ചഭക്ഷണം രുചിച്ചുനോക്കി അതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. റാൻഡം രീതിയിൽ സ്കൂളുകളിൽ നിന്ന്, ഭക്ഷണ, കുടിവെള്ള സാംപിളുകൾ ശേഖരിച്ച് അവ എൻ.എ.ബി.എൽ, എഫ്.എസ്.എസ്. എ.ഐ അക്രഡിറ്റേഷനുള്ള ലബോറട്ടറിയിൽ കെമിക്കൽ, മൈക്രോബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കുന്നു.<br><br>ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമേ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഉപയോഗിക്കുവാൻ പാടുള്ളൂവെന്നും അവ കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട് ലെറ്റുകളിൽ നിന്ന് വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ കേന്ദ്രവിഹിത കുടിശ്ശിക ഉണ്ടോ; | (സി) | കേന്ദ്രവിഹിതം കുടിശ്ശികയില്ല. |

| | | | |
|---|---|---|---|
| | എന്നാൽ കേന്ദ്ര കുടിശ്ശിക സമയബന്ധിതമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ